**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6** **27-01-2026 - ൽ മറുപടിയ്ക്ക്**

**നവകേരള പഠന പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | നവകേരള പഠന പരിപാടി എന്ന പേരിൽ സർക്കാർ നടത്തുന്ന ഗൃഹസന്ദർശന പരിപാടിയുടെ ലക്ഷ്യം എന്താണെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയിലൂടെ പൊതുജനങ്ങളിൽ നിന്ന് ശേഖരിക്കുന്ന വിവരങ്ങൾ എപ്രകാരമാണ് ക്രോഡീകരിക്കുന്നത് എന്ന് അറിയിക്കാമോ; | (എ) | ജനങ്ങളിൽ നിന്ന് വികസന നിർദ്ദേശങ്ങളും ആശയങ്ങളും ലഭ്യമാക്കുവാനും ക്ഷേമ പദ്ധതികൾ സംബന്ധിച്ച അഭിപ്രായം ആരായുവാനും, പ്രാദേശികമായി വികസന ആവശ്യങ്ങൾ മനസ്സിലാക്കി ആസൂത്രണം നടത്തുവാനും അഭിപ്രായം സമാഹരിക്കുവാനുമായി നവകേരളം സിറ്റിസൺ റെസ്പോൺസ് പ്രോഗ്രാം ആവിഷ്കരിച്ചത്. ഓരോ വാർഡിലേയും വീട്ടുകൾ സന്ദർശിച്ച് നവകേരള വികസന പദ്ധതികൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവയിൽ ജനങ്ങളുടെ അഭിപ്രായങ്ങൾ മനസ്സിലാക്കി, നവകേരളം സിറ്റിസൺസ് റെസ്പോൺസ് പ്രോഗ്രാം പോർട്ടലിലേക്ക് ലഭ്യമാക്കും. സംസ്ഥാനതല നിർവ്വഹണ സമിതി ക്രോഡീകരിക്കുന്ന ഈ റിപ്പോർട്ട് ഉചിതമായ ശിപാർശ സഹിതം ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്, തിരുവനന്തപുരം സർക്കാരിൽ സമർപ്പിക്കും. |
| (ബി) | ഇതിനായി വോളൻറിയർമാരെ തിരഞ്ഞെടുത്തത് എപ്രകാരമാണെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ? | (ബി) | സംസ്ഥാന സാമൂഹിക സന്നദ്ധസേനയിൽ പേര് രജിസ്റ്റർ ചെയ്തവരിൽ നിന്നും ഈ പ്രവർത്തനത്തിന് താത്പര്യം അറിയിച്ചിട്ടുള്ളവരെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിനായി നടപ്പ് സാമ്പത്തിക വർഷത്തെ (2025-26) 2220-01-001-96 സ്പെഷ്യൽ പി ആർ ക്യാമ്പെയിൻ ശീർഷകത്തിൽ നിന്നും 20 കോടി രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ